# 8404

Register Number

| | | | | | |
|---|---|---|---|---|---|
| | | | | | |

## Language — MALAYALAM — Paper I

( Poetry and Prose )

Time Allowed : $2\frac{1}{2}$ Hours ] [ Maximum Marks :100

I. ഏതെങ്കിലും മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക :

$3 \times 5 = 15$

1. ശ്രീ കോവിൽ നടയതാ തുറന്നൂ; പുതിയൊരു
ലോകമിതേതോ ഹന്ത! ശോഭനം തേജോമയം!
കർമ്മസാക്ഷിയാം ദേവൻ പടിഞ്ഞാറുദിച്ചിതോ
കമ്രനക്ഷത്രവാന മേകത്ര കൂടിച്ചേർന്നോ !

2. പാവകൻ തങ്കൽ പതിക്കേണമെങ്കിലു -
മേവം വിഷം കുടിക്കേണമെന്നാകിലും
താതൻ നിയോഗിക്കിലേതുമേ സംശയം
ചേതസി ചെറ്റില്ലെനിക്കെന്നറിക നീ.

3. "ഉണ്ണിക്കൈയ് ക്കെടുക്കുവാ -
നുണ്ണി വായ്ക്കുണ്ണാൻ വേണ്ടി,
വന്നതാണീ മാമ്പഴം
വാസ്തവ മറിയാതെ
നീരസം ഭാവിച്ചു നീ
പോയിതെങ്കിലും കുഞ്ഞേ
നീയിതു നുകർന്നാലെ
അമ്മയ്ക്കു സുഖമാവൂ.

4. ശാന്തമായ് നാടിൻ പുരോഗതി കാണുവാൻ
ക്രാന്ത ദർശിത്വം വളർത്തണേ, നിങ്ങളും !
തെല്ലു മുൻകൂട്ടിയ ക്കാര്യം പറയുന്ന
പുല്ലാം കുഴലിനോടെന്തിനീ നീരസം.

[ Turn over

5. ഇലയിട്ടൊരുക്കിയ
സദ്യക്കു മുന്നിൽ 'പ്രിയ
മിതല്ല ഞങ്ങൾ ക്കെ'ന്നു
മടുപ്പിൻ സ്വരം കേൾക്കെ
കൺ നിറയുകയാലോ
പെട്ടെന്നു പൊന്നോണത്തിൻ
മഞ്ഞ വെയിൽ മുഴിയുന്നൂ
മങ്ങുന്നൂ പിൻ വാങ്ങുന്നൂ.

II. എട്ട് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും മൂന്നോ നാലോ വരിയിൽ കവിയരുത് : $8 \times 2 = 16$

6. ദശരഥന്റെ ദുഃഖത്തിനു കാരണമെന്ത് ?

7. യുവയോഗിയെ കവി അവതരിപ്പിക്കുന്നതെങ്ങനെ ?

8. പൂന്താനത്തിന്റെ ആശാഭംഗത്തിനു ശേഷം മേല്പത്തൂരിനുണ്ടായ അനുഭവം വിവരിക്കുക ?

9. പൂവിടുന്ന കാര്യത്തിൽ അമ്മമാരിൽ നിന്നും മുത്തശ്ശിമാരിൽ നിന്നും കുട്ടികൾ എന്തെല്ലാമാണ് പഠിച്ചത് ?

10. അമ്മ മകനെ ശകാരിച്ചതെന്തിന് ?

11. കേരളത്തിന്റെ ഐശ്വര്യത്തെക്കുറിച്ച് കല്ലെഴുത്തുകളും ചെപ്പേടുകളും പറയുന്നതെന്ത് ?

12. ഇടവപ്പാതിക്കാലത്തുണ്ടായ അനുഭവം കവി വിവരിക്കുന്നതെങ്ങനെ ?

13. വീണ വിൽക്കുന്ന വൃദ്ധനെ കവി അവതരിപ്പിക്കുന്നത് എങ്ങനെ ?

14. തെങ്ങുകൾ ഗാമയെയും കൂട്ടുകാരേയും ക്ഷണിച്ചതെങ്ങനെ ?

15. രാജാവ് രഥം നിറുത്താൻ പറഞ്ഞതെപ്പോൾ ?

III. താഴെ കൊടുത്ത പദ്യഭാഗം പൂരിപ്പിക്കുക : ( ഒന്ന് മാത്രം ) $1 \times 10 = 10$

16. നല്ല ഹൈമവത ..................... ജയിച്ചതു.

17. അങ്കണത്തൈമാവിൻ ......................... ക്കുരുന്നേ ! നീ.

IV. ഒന്നിന് പതിനഞ്ചു വരിയിൽ ഉത്തരമെഴുതുക : 1 × 7 = 7

18. ശ്രീരാമനും കൈകേയിയും തമ്മിലുണ്ടായ സംഭാഷണം സ്വന്തം വാക്യത്തിൽ സംഗ്രഹിക്കുക.

19. ഭക്തിയും വിഭക്തിയും എന്ന കവിതയിലെ ഇതിവൃത്തം വിവരിക്കുക.

20. കേരളത്തിന്റെ പ്രകൃതി ഭംഗി ചങ്ങമ്പുഴ ചിത്രീകരിക്കുന്നതെങ്ങനെ ?

21. "പഴയോണം' എന്ന കവിതയെ ആസ്പദമാക്കി പഴയ കാലത്തെയും പുതിയ കാലത്തെയും ഓണത്തെക്കുറിച്ച് വിവരിക്കുക.

V. അർത്ഥമെഴുതുക : 10 × 1 = 10

22. കപോതം

23. മാൺപ്

24. ശ്രേയസ്സ്

25. അവശൻ

26. കൈതവം

27. ആഭ

28. പാവകൻ

29. ചരണം

30. ലാവണ്യം

31. ദാക്ഷിണ്യം

VI. അഞ്ചെണ്ണത്തിന് മൂന്നോ നാലോ വരിയിൽ ഉത്തരം എഴുതുക : 5 × 2 = 10

32. വിദേശത്തു നിന്നു വരുന്ന മിഷനറിമാരെ ലേഖകൻ തരം തിരിക്കുന്നതെങ്ങനെ ?

33. യുദ്ധം ചെയ്യാത്ത ശ്രീകൃഷ്ണനെ വരിച്ചതിന് അർജ്ജുനൻ പറയുന്ന കാരണമെന്ത് ?

34. രവീന്ദ്രനാഥന്റെ ബാല്യകാല വിദ്യാഭ്യാസത്തെക്കുറിച്ചെഴുതുക.

35. ഗുംബാസിലെ ശവകുടീരങ്ങളെക്കുറിച്ചെഴുതുക.

36. മലയാളത്തെ ദ്രോഹിക്കുന്നത് അന്യഭാഷാഭാഷികളല്ല ; ഇങ്ങനെ പറയാൻ കാരണമെന്ത് ?

37. ലേഖകൻ ഗാന്ധിജിയുടെ നർമ്മബോധം വ്യക്തമാക്കിയിട്ടുള്ളതെങ്ങനെ ?

38. തുള്ളൽ അവതരിപ്പിക്കുന്നതെങ്ങനെ ?

VII. മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ആറ് വരിയിൽ കവിയരുത് : $3 \times 5 = 15$

39. ദാമു തന്റെ അച്ഛനെക്കുറിച്ച് പറഞ്ഞതെന്തെല്ലാം ?
40. അഹന്തയും നർമ്മബോധവും ചേരുകയില്ല എന്നു ലേഖകൻ വിശദമാക്കുന്നതെങ്ങനെ ?
41. ലേഖകൻ ചാരോട്ടു കൊട്ടാരം വർണ്ണിക്കുന്നതെങ്ങനെ ?
42. നീലഗിരി ജൈവ മണ്ഡല സംരക്ഷിത മേഖലയെക്കുറിച്ചെഴുതുക.
43. മലയാളിക്ക് ശരിക്കുച്ചരിക്കാൻ വയ്യാത്ത പദങ്ങളൊന്നുമുണ്ടാവില്ല എന്ന് ഗുപ്തൻ നായർ പറയുന്നതെന്തുകൊണ്ട് ?

VIII. ഒന്നിന് പതിനഞ്ചു വരിയിൽ ഉത്തരമെഴുതുക : $1 \times 7 = 7$

44. പാർത്ഥ സാരഥി എന്ന പാഠത്തിലെ ഇതിവൃത്തം സ്വന്തം വാക്യത്തിൽ വിവരിക്കുക.
45. ഗുണ്ടർട്ടിന്റെ ഭാഷാ സേവനങ്ങൾ സംഗ്രഹിക്കുക.
46. മലയാള ഭാഷ കൈകാര്യം ചെയ്യുമ്പോൾ ഉച്ചാരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?
47. തുള്ളൽ സാഹിത്യത്തെക്കുറിച്ച് വിവരിക്കുക.

IX. വിപരീതപദം എഴുതുക : $5 \times 1 = 5$

48. ദുഷ്ക്കരം
49. സായുധൻ
50. ഭൂരിപക്ഷം
51. ആകർഷണീയം
52. ആദരം

X. അഞ്ചെണ്ണം വാക്യത്തിൽ പ്രയോഗിക്കുക : $5 \times 1 = 5$

53. പരിഭ്രാന്തനായി
54. കലശലായി
55. ഉപകാരപ്രദം
56. അനുപേക്ഷണീയം
57. കൗതുകാവഹം
58. വഴി തെറ്റിക്കുക